## ടെക്നോപാർക്ക് , ഇൻഫോ പാർക്ക്....
## ഇപ്പോഴിതാ സ്മാർട് സിറ്റിയും യാഥാർത്ഥ്യമാവുകയായി....

**കേരളത്തിൽ ഐ.ടി രംഗത്ത് അടുത്ത 5 വർഷത്തിനുള്ളിൽ 2 ലക്ഷം തൊഴിൽ അവസരങ്ങൾ.**

# ഐ.ടി. കോഴ്സുകൾ നടത്തുന്നതിനായി കേരള സർക്കാർ സ്ഥാപനമായ സി-ഡിറ്റ് സ്ഥാപനപങ്കാളികളെ (CEP) ക്ഷണിക്കുന്നു.

(വിവരസാങ്കേതിക രംഗത്ത് നൂതന ഗവേഷണ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനൊപ്പം Visual Communication, Information Technology മേഖലകളിൽ കാലാനുസൃതമായ പരിശീലനം നൽകുകയുമെന്ന ലക്ഷ്യത്തോടെ 1988-ൽ കേരള സർക്കാരിനു കീഴിൽ ബഹു. മുഖ്യമന്ത്രി ചെയർമാനായി ആരംഭിച്ച സ്ഥാപനമാണ് സി-ഡിറ്റ്. ഐ.റ്റി രംഗത്തെ ഗവേഷണ നേട്ടങ്ങൾ പൊതുസമൂഹത്തിന്റെ സമഗ്രവികസനത്തിനായി എത്തിക്കുകയെന്നതാണ് സി-ഡിറ്റിന്റെ പ്രവർത്തനലക്ഷ്യം).

## Technology Extension Team (TET)

വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സംസ്ഥാനം അഭിമാനാർഹമായ ഒട്ടനവധി നേട്ടങ്ങൾ കൈവരിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ ചുവടുപിടിച്ച് തൊഴിൽ സാധ്യതകൾ ഏറെയുള്ള ഐ.റ്റി. അധിഷ്ഠിത വിദ്യാഭ്യാസരംഗത്തേക്ക് യുവതലമുറയെ ആകർഷിച്ച് മികച്ച പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് സി-ഡിറ്റിനു കീഴിലുള്ള ടെക്നോളജി എക്സ്റ്റൻഷൻ ടീം പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനപരിധിയ്ക്കുള്ളിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങ (C-DIT Educational Partner - CEP) ളിലൂടെ തൊഴിൽ സാധ്യതയേറിയ 24 കോഴ്സുകളാണ് നടത്തുന്നത്. സ്ഥാപനങ്ങ(CEP)ളുടെ എണ്ണം വർധിപ്പിച്ച് പ്രവർത്തനമേഖല വിപുലമാക്കുവാനാണ് സി-ഡിറ്റ് ലക്ഷ്യമിടുന്നത്.

## C-DIT Educational Partnership (CEP) സവിശേഷതകൾ

- സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് പരിധിയിലും സി.ഇ.പി. സ്ഥാപനങ്ങളിലൂടെ 24 ഐ.ടി. കോഴ്സുകൾ പഠിക്കുവാൻ വിദ്യാർത്ഥികൾക്ക് അവസരം.
- മറ്റു സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി പാഠഭാഗങ്ങൾ തയ്യാറാക്കൽ, പാഠ്യക്രമം നിശ്ചയിക്കൽ, കോഴ്സ് മെറ്റീരിയൽ വിതരണം, പരീക്ഷാ നടത്തിപ്പ്, മൂല്യനിർണയം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ സി-ഡിറ്റിന്റെ നേരിട്ടുള്ള ചുമതലയിൽ നിർവ്വഹിക്കപ്പെടുന്നു.

## ആർക്കൊക്കെ പങ്കാളികളാവാം?

ഐ.ടി. പരിശീലനത്തിനാവശ്യമായ സ്ഥലവും അനുബന്ധ സൗകര്യങ്ങളും നൽകുവാൻ തയ്യാറുള്ള വ്യക്തികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും ഇതിൽ പങ്കാളിയാവാം. ഐ.ടി. രംഗത്ത് നിലവിൽ പരിശീലനം നൽകിവരുന്ന സ്ഥാപനങ്ങളെയും പരിഗണിക്കുന്നതാണ്. നിലവിലുള്ള സി.ഇ.പി. സെന്ററുകൾ, പുതുതായി സെന്ററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ, നിബന്ധനകൾ എന്നിവ വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. (http://www.cdit.org/technology.htm)

## തെരഞ്ഞെടുക്കുന്ന വിധം

നിശ്ചിത യോഗ്യതയുള്ള അപേക്ഷയുടെമേൽ സി-ഡിറ്റ് നടത്തുന്ന പരിശോധനയുടെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലായിരിക്കും രജിസ്ട്രേഷൻ നൽകുക. തദ്ദേശ സ്വയംഭരണ സ്ഥാപനപരിധിയിൽ പരമാവധി സി.ഇ.പി. സെന്ററുകളുടെ എണ്ണം- കോർപ്പറേഷൻ- 5, മുനിസിപ്പാലിറ്റി- 3, ഗ്രാമപഞ്ചായത്ത് -1 എന്നിങ്ങനെയായിരിക്കും.

## അപേക്ഷ സമർപ്പിക്കേണ്ട വിധം

നിർദ്ദിഷ്ട അപേക്ഷാ ഫാറം വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. രജിസ്ട്രാറുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന 1000 രൂപയുടെ DD (Processing fee, non refundable) സഹിതം അപേക്ഷ **State Co-ordinator - CEP, C-DIT, Chithranjali Hills, Thiruvallam P.O., Thiruvananthapuram-27** എന്ന വിലാസത്തിൽ **2008 ജൂൺ 10നകം** ലഭിച്ചിരിക്കേണ്ടതാണ്.

sd/-
**രജിസ്ട്രാർ**




**CENTRE FOR DEVELOPMENT OF IMAGING TECHNOLOGY (C-DIT)**
(Under Govt. of Kerala)
Chithranjali Hills, Thiruvallam P.O., Thiruvananthapuram - 695 027
Ph: 0471-2380910, 2384772, 2380912, 2383506, Fax: 0471-2380681
www.cdit.org